# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6868 — 13.07.2012-ൽ മറുപടിക്ക്

### ആലപ്പുഴ ജില്ലയിലെ ആയുർവ്വേദ മെഡിക്കൽ ഓഫീസർമാരുടെ ലിസ്റ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.തിലോത്തമൻ : | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം ന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ആയുർവ്വേദ മെഡിക്കൽ ഓഫീസർമാരുടെ നിലവിലുണ്ടായിരുന്ന ലിസ്റ്റ് ക്യാൻസൽ ചെയ്തിട്ടുണ്ടോ ; പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേരെ ഇതിനോടകം നിയമിച്ചു ; | (എ) ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ ആലപ്പുഴ ജില്ലയ്ക്കുവേണ്ടി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് ക്യാൻസൽ ചെയ്തിട്ടില്ല. റാങ്ക് ലിസ്റ്റിൽ നിന്നും പതിമൂന്നാമത്തെ റാങ്കുകാരിക്ക് വരെ നിയമനം നൽകിയിട്ടുണ്ട്. |
| (ബി) ജില്ലയിൽ ഒട്ടേറെ ഒഴിവുകൾ ഉണ്ടായിട്ടും എൻ.ആർ.എച്ച്.എം ലിസ്റ്റിൽ നിന്നും ഇനിയും ആയുർവ്വേദ മെഡിക്കൽ ഓഫീസർമാരെ നിയമിക്കാത്തത് എന്തുകൊണ്ടാണ് ; | (ബി) 2011-12-ലെ എൻ.ആർ.എച്ച്.എം പി.ഐ.പിയിൽ ആയുർവേദം, ഹോമിയോ, സിദ്ധ, യുനാനി എന്നീ വിഭാഗങ്ങളിലായി 500 ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള അംഗീകാരമാണ് ലഭിച്ചിരുന്നത്. അതിൽ കൂടുതൽ ഡിസ്പെൻസറികൾ അനുവദിച്ചിരുന്നെങ്കിലും അത്രയും ഡോക്ടർമാർക്കാണ് നിയമനം നൽകിയിരുന്നത്. 2012-13 പി.ഐ.പിയിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിനാൽ ആലപ്പുഴ ജില്ലയിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |
| (സി) ജില്ലയിലെ ആയുർവ്വേദ ആശുപത്രികളിൽ നിലവിൽ ഉള്ള ഒഴിവുകളിലേയ്ക്ക് പകർച്ചപ്പനി മുതലായ രോഗങ്ങൾ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ എൻ.ആർ.എച്ച്.എം ലിസ്റ്റിൽ നിന്നും ശേഷിച്ച ഡോക്ടർമാരെ എത്രയും വേഗം നിയമിക്കുവാൻ നടപടിയെടുക്കുമോ ; | (സി) സർക്കാർ അനുവദിച്ചിട്ടുള്ള താൽക്കാലിക ഡിസ്പെൻസറികളിൽ പ്രസ്തുത നിയമനം നടത്തിവരുന്നു. |
| (ഡി) ആലപ്പുഴ ജില്ലയിൽ ആയുർവ്വേദ മെഡിക്കൽ ഓഫീസർമാരുടെ പുതിയ ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ടോ ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ